(ബി) 3/97 മുതൽ 10/99 വരെ റിട്ടയർ ചെയ്തവർക്ക് പെൻഷൻ കുടിശ്ശിക നൽകണമെന്നുള്ള ബഹു. കേരള ഹൈക്കോടതിയുടെ തീരുമാനത്തിനെതിരായി കോർപ്പറേഷൻ സുപ്രീംകോടതിയിൽ സമർപ്പിച്ച എസ്. എൽ. പി. യിൽമേൽ അവസാന തീരുമാനമായിട്ടില്ല.

(സി) സുപ്രീം കോടതിയിൽ എസ്എൽപി. നിലനിൽക്കുകയാണ്. അവസാന തീർപ്പ് ആയിട്ടില്ല.

**മിന്നൽ പരിശോധനയെത്തുടർന്ന് സ്വീകരിച്ച നടപടികൾ**

**91 (4251)** ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ 9-8-2002 മുതൽ നടത്തിയ ഓപ്പറേഷൻ മാരുതി മിന്നൽ പരിശോധനയിൽ ഏതെല്ലാം ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഈ ക്രമക്കേടുകളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ജീവനക്കാർ നൽകിയ മറുപടിയിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഫയലിൽ അന്തിമ തീരുമാമെടുക്കുന്നതിന് കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) തൃപ്തികരമായ മറുപടി നൽകിയ ജീവനക്കാരുടെ പേരിലുള്ള നടപടി എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ആയതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത ജീവനക്കാരുടെ ഉദ്യോഗക്കയറ്റം ഇതു കാരണം തടസ്സപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിലെ താഴെപ്പറയുന്ന ഓഫീസുകളിൽ 9-8-2002-ൽ വിജിലൻസ് വകുപ്പ് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ മാരുതി' എന്ന പേരിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി.

1. ആർ.ടി. ഓഫീസ്, തിരുവനന്തപുരം.
2. സബ് ആർ.ടി. ഓഫീസ്, നെടുമങ്ങാട്.
3. ആർ.ടി. ഓഫീസ്, കൊല്ലം.



LIBRARY ARCHIVES Kerala Legislative Assembly

4. ആർ.ടി. ഓഫീസ്, പത്തനംതിട്ട.
5. സബ് ആർ.ടി. ഓഫീസ്, തിരുവല്ല.
6. ആർ.ടി. ഓഫീസ്, ആലപ്പുഴ.
7. ആർ.ടി. ഓഫീസ്, കോട്ടയം.
8. സബ് ആർ.ടി. ഓഫീസ്, പാല.
9. സബ് ആർ.ടി. ഓഫീസ്, തൊടുപുഴ.
10. സബ് ആർ.ടി. ഓഫീസ്, കോതമംഗലം.
11. സബ് ആർ.ടി. ഓഫീസ്, ആലുവ.
12. സബ് ആർ.ടി. ഓഫീസ്, ഇരിഞ്ഞാലക്കുട.
13. സബ് ആർ.ടി. ഓഫീസ്, ആലത്തൂർ.
14. സബ് ആർ.ടി. ഓഫീസ്, തിരൂർ.
15. സബ് ആർ.ടി. ഓഫീസ്, പെരിന്തൽമണ്ണ.
16. സബ് ആർ.ടി. ഓഫീസ്, കൊടുവള്ളി.
17. സബ് ആർ.ടി. ഓഫീസ്, തളിപ്പറമ്പ്.
18. ആർ.ടി. ഓഫീസ്, വടകര.
19. ആർ.ടി. ഓഫീസ്, കൽപ്പറ്റ.
20. സബ് ആർ.ടി. ഓഫീസ്, കാഞ്ഞങ്ങാട്.

(ബി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ 26-11-1987-ലെ സർക്കുലർ 35/87, 9-8-1988-ലെ സർക്കുലർ 27/88, 29-5-1998-ലെ സർക്കുലർ 14/98 എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏജന്റുമാരെ അനധികൃതമായി ഓഫീസിൽ പ്രവേശിപ്പിക്കുക, അവരുടെ പക്കൽ ആർ.സി. ബുക്കുകൾ, ഡ്രൈവിംഗ് ലൈസൻസ് മുതലായ രേഖകൾ സൂക്ഷിക്കാൻ അനുവദിക്കുക, പ്രൈവറ്റ് കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൃത്യമായ എൻട്രികൾ വരുത്താതിരിക്കുക, രേഖപ്പെടുത്തിയതിലും കൂടുതൽ പണം കയ്യിൽ സൂക്ഷിക്കുക. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് മുതലായ നടപടി പൂർത്തിയായ രേഖകൾ പാർട്ടികൾക്ക് കൈമാറാൻ കാലതാമസം വരുത്തുക എന്നീ ക്രമക്കേടുകളാണ് ടി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്താനായത്.

(സി) ജീവനക്കാർ മറുപടി (പ്രതിവാദ പത്രിക) നൽകുന്ന മുറയ്ക്കുതന്നെ അവരുടെ കൈപ്പറ്റി എന്ന് സാക്ഷ്യപ്പെടുത്തുന്ന മെമ്മോയുടെ കോപ്പിയും ലഭിച്ച ശേഷം എം.ഡി.പി. യിലും കെ.സി.എസ്. (സി.സി.& എ.) റൂൾസ് 1960 -ലും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങളനുസരിച്ചാണ് അന്തിമതീരുമാനം എടുത്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചാർജ് മെമ്മോ കൈപ്പറ്റിയതിനുശേഷം പ്രതിവാദ പത്രികയും മെമ്മോ കൈപ്പറ്റിയതിന്റെ രേഖയും കാലതാമസം കൂടാതെ സർക്കാരിന് അയച്ചുതരുന്നതിൽ കുറ്റാരോപിത ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അനാസ്ഥയാണ് പ്രധാനമായും അന്തിമതീരുമാനം എടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നത്. എങ്കിൽപോലും തീരെ ഗുരുതരമല്ലാത്ത ഒരുപാട് കാലതാമസം വരുത്തിയ കേസുകളിൽ കുറ്റം ആരോപിക്കപ്പെട്ട ഓഫീസർമാർക്ക് ഹിയറിംഗ് നൽകിയതിനുശേഷം ശിക്ഷിക്കുകയും, കുറ്റവിമുക്തരാക്കുകയോ ആണ് ചെയ്തുവരുന്നത്.

(ഇ & എഫ്) തൃപ്തികരമായ മറുപടി നൽകിയവരുടെ കാര്യത്തിൽ എം.ഡി.പി. യിലും കെ.സി.എസ്സ്. (സി.സി.& എ) റൂൾസ് 1960-ലും നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമം പാലിച്ച് എത്രയും വേഗം അന്തിമതീരുമാനം എടുത്തിട്ടുണ്ട്. പ്രതിവാദ പത്രികയും ചാർജ് മെമ്മോ കൈപ്പറ്റിയതിന്റെ കോപ്പിയും ട്രാസ്പോർട്ട് കമ്മീഷ്ണർ വഴി സർക്കാരിൽ ലഭിക്കുന്നതിനുള്ള കാലതാമസമാണ് അന്തിമ തീരുമാനം എടുക്കുന്നതിന് വിലങ്ങുതടിയായിട്ടുള്ളത്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്ത് ഓടുന്ന അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ**

92 (4252) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത എത്ര വാഹനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് സ്ഥിരം ഓടുന്ന വാഹനങ്ങൾ ഇവിടെ റീ-രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അന്യസംസ്ഥാനത്ത് രജിസ്റ്റർചെയ്ത അത്തരം വാഹനങ്ങൾ സംസ്ഥാനത്ത് ഓടുന്നത് തടയുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വ്യക്തമായ കണക്കുകൾ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല.

(ബി) കേന്ദ്ര മോട്ടോർ വാഹന നിയമം '49' അനുസരിച്ച് ഒരു വാഹന ഉടമ താമസ സ്ഥലമോ, വ്യാപാര സ്ഥലമോ മാറിയാൽ, ഇക്കാര്യം 30 ദിവസത്തിനകം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയെ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം 47 അനുസരിച്ച് 12 മാസത്തിൽ കൂടുതൽ മറ്റു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനം കേരളത്തിൽ ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ നിയമം ലംഘിക്കുന്ന വാഹന ഉടമകൾക്കെതിരെ കേന്ദ്ര മോട്ടോർ വാഹന നിയമം 177-ൽ

LIBRARY ARCHIVES Kerala Legislative Assembly